## ക ത്ത ു ക ൾ

# പലിശ: കണ്ണ് തുറപ്പിക്കേണ്ട ഒരനുഭവം

**ഇൻഷുറൻസ്** സ്കീമുകളെ ഇസ്‌ലാമിക കാഴ്ചപ്പാടിൽ വിശകലനം ചെയ്തുകൊണ്ടുള്ള ലേഖനം (ലക്കം 10) വായിച്ചു. സാമ്പത്തിക പ്രശ്നങ്ങളെക്കുറിച്ച് *പ്രബോധനം* നിരന്തരം പഠനങ്ങൾ പ്രസിദ്ധീകരിക്കുന്നത് ഗുണപ്രദമാണ്. ആരാധനാ കാര്യങ്ങളിൽ നിഷ്ഠ പുലർത്തുന്നവരിൽ വലിയൊരു വിഭാഗം തന്നെ ജീവിതത്തിലെ മർമ പ്രധാനമായ സാമ്പത്തിക കാര്യങ്ങളിൽ ദീനീവീക്ഷണങ്ങളെക്കുറിച്ച് അശ്രദ്ധരാണ്. ബോധപൂർവമായ അശ്രദ്ധയിൽ നിന്ന് ഉണർത്താൻ വ്യാപകമായ സംരംഭങ്ങളില്ലാത്തതിന്റെ സൗകര്യവും സുഖവുമനുഭവിക്കുന്നവർ സമൂഹത്തിലുണ്ട്.

ഇൻഷുറൻസ് സ്കീമുകളിലെ പലിശയുടെ അതിപ്രസരം മനസ്സിലായതിന്റെ അടിസ്ഥാനത്തിൽ അതിൽനിന്ന് പിന്മാറാൻ ശ്രമിച്ചപ്പോൾ ഉണ്ടായ അനുഭവം കുറിക്കാം. പലിശയെന്ന കൊടിയ തിന്മയോടുള്ള വിരോധം മുസ്‌ലിമിന്റെ സാമ്പത്തിക ജീവിതത്തിന്റെ ആണിക്കല്ലും ബഹുമുഖ ചൂഷണങ്ങൾക്കും ദുരന്തങ്ങൾക്കുമുള്ള ഇസ്‌ലാമിക സാമ്പത്തിക പ്രത്യയശാസ്ത്രത്തിലെ ഒറ്റമൂലിയുമാണെന്ന് തിരിച്ചറിഞ്ഞതിന്റെ വെളിച്ചത്തിലാണ് സുചിന്തിതമായ തീരുമാനവുമായി ഇൻഷുറൻസ് സ്ഥാപനത്തിലെത്തിയത്. പോളിസി സറണ്ടർ ചെയ്യാനുള്ള അപേക്ഷ മേലധികാരിയെ കാണിക്കാൻ നിർദേശിക്കപ്പെട്ടതിനാൽ അദ്ദേഹത്തിന്റെ മുറിയിൽ ചെന്നു. താടിയും നമസ്കാരത്തഴമ്പുമുള്ള അമ്പതിനോടടുത്ത മുസ്‌ലിമായിരുന്നു ഓഫീസർ. വൈവിധ്യപൂർണമായ വ്യവഹാരങ്ങളുള്ള പലിശാധിഷ്ഠിത സ്ഥാപനങ്ങളിലെ ജോലിയെ സംബന്ധിച്ച് വ്യത്യസ്തമായ അഭിപ്രായങ്ങൾ നിലനിൽക്കുന്നുണ്ടെന്നും പ്രസ്തുത വിരുദ്ധ വീക്ഷണങ്ങളെല്ലാം മുഖ്യധാരാ ഇസ്‌ലാമിനകത്തുതന്നെയാണെന്നും അറിവുള്ളതിനാൽ അസ്വാഭാവികതയൊന്നും തോന്നിയിരുന്നില്ല.

പക്ഷേ, പോളിസി സറണ്ടർ ചെയ്യുന്നതിന് കാരണം സ്വകാര്യ ഇൻഷുറൻസുകാരുടെ ചാക്കിടലല്ലെന്നും മതപരമായ ആശയത്തിന്റെ അടിസ്ഥാനത്തിലാണെന്നും മനസ്സിലാക്കിയ അദ്ദേഹം, പിന്നെ അതിൽനിന്ന് പിന്തിരിപ്പിക്കാൻ വേണ്ടി വാചാലനായപ്പോൾ അസ്വാഭാവികത തോന്നി. ഒരു പ്രമുഖ ഉൽപതിഷ്ണു മതസംഘടനയുടെ പ്രവർത്തകനാണെന്ന് വ്യക്തമാക്കിയ ഓഫീസർ, പലിശാധിഷ്ഠിത ഇടപാടുകളുടെ അനിവാര്യതയെക്കുറിച്ച് വിശദീകരിച്ചുകൊണ്ട് അവ അനുവദനീയമാണെന്ന സ്വരത്തിൽ സംസാരിച്ചു. ഒരു സെക്യുലർ വ്യവസ്ഥിതിയിൽ വ്യക്തികൾക്ക് പലിശരഹിത വ്യവഹാരങ്ങൾ സാധ്യമല്ലെന്നും വിശദീകരിച്ചു. അവ പലിശാധിഷ്ഠിത വ്യവസ്ഥിതിയിൽ നാം അനുഭവിക്കുന്ന ദൂഷ്യങ്ങളാണെന്നും പലിശയുടെ 'ഗുണഭോക്താവാകു'ന്നതിന് അവ ന്യായമാകില്ലെന്നും മറുപടി നൽകിയെങ്കിലും അദ്ദേഹത്തിന് ബോധ്യമായില്ല. പ്രസ്തുത ഇൻഷുറൻസ് സ്ഥാപനത്തിന്റെ വരുമാനത്തിൽ 40 ശതമാനം മാത്രമാണ് പലിശയിൽ നിന്നുള്ളതെന്നും ബാക്കി ഓഹരി നിക്ഷേപത്തിൽനിന്നാണെന്നുമായി പിന്നെയുള്ള വാദം. എന്നാൽ ഓഹരി നിക്ഷേപത്തിൽ ഗണ്യമായ ഭാഗവും പലിശാധിഷ്ഠിത ബാങ്കിംഗ് സ്ഥാപനങ്ങളിലാണെന്നും പിന്നീടുള്ള സംസാരത്തിൽ വെളിപ്പെട്ടു. ഒരു മണിക്കൂറിലേറെ നീണ്ട സംസാരത്തിനു ശേഷം ഈയുള്ളവന് ബോധ്യപ്പെട്ടത് ഒരു വസ്തുത മാത്രം. ആരാധനാ കർമങ്ങളുടെ ഫിഖ്ഹിൽ പുലർത്തുന്ന കണിശതയുടെ പാതിയെങ്കിലും സാമ്പത്തികരംഗത്ത് കൈവരിക്കാൻ സമൂഹം ഇനിയും കാതങ്ങൾ സഞ്ചരിക്കേണ്ടതുണ്ട്.

**ഇബ്നു ഹാശിം മാഹി**

# പന്നിപ്പനിക്ക് പരിഹാരം

**പന്നിപ്പനിക്ക്** പരിഹാരം എന്ന ഫത്‌വ (ലക്കം 12) വായിച്ചു. വളരെ നിരാശയും സങ്കടവുമാണ് തോന്നിയത്. പന്നിയെ കൊല്ലണം. അതാണ് നമ്പർ വൺ പരിഹാര മാർഗമായി അദ്ദേഹം കാണുന്നത്. *പ്രബോധനം* പോലെ വിശേഷപ്പെട്ട ഒരു ആഴ്ചപ്പതിപ്പിൽ ഇത്തരം ഫത്‌വ കൊടുത്തത് ശരിയായോ എന്നു പരിശോധിക്കേണ്ടതാണ്. ഡോ. റജബിന് പന്നിയെ വെറുപ്പായിരിക്കും. അദ്ദേഹത്തിന് പന്നിയെ കൊല്ലണമെന്നുണ്ടെങ്കിൽ അത് ഇസ്‌ലാമിന്റെ പേരിൽ തന്നെ വേണോ? പന്നിയും അല്ലാഹുവിന്റെ സൃഷ്ടിയാണ്. അതിനെ സൃഷ്ടിച്ചതിലും നമുക്കറിയാത്ത പല യുക്തിയും ഉണ്ടാവും. ഒറ്റയടിക്ക്, പന്നിയെ കൊല്ലുക എന്ന് ഫത്‌വ ഇറക്കിയാൽ അത് അനീതിയാണ്. ഭൂമിയിൽ എല്ലാ ജീവികളോടും കരുണ കാണിക്കാനാണ് ഇസ്‌ലാമിന്റെ നിർദേശം. വേണ്ടത് പന്നി വളർത്തൽ നിരുത്സാഹപ്പെടുത്തുകയാണ്. പന്നിമാംസം ഭക്ഷിക്കുന്നവരെ അതിന്റെ ദോഷം മനസ്സിലാക്കി കൊടുത്ത് പിന്തിരിപ്പിക്കുക. പന്നികളോടുള്ള മനുഷ്യ സഹവാസം നിർത്തുക. അതിനെ അതിന്റെ ശരീഅത്തു പ്രകാരം ജീവിക്കാൻ വിടുക. എല്ലാം നിയന്ത്രിക്കുന്നവൻ അല്ലാഹുവാണ്. മനുഷ്യന്റെ അതിബുദ്ധിയിൽ ഉടലെടുക്കുന്ന ഇത്തരം അബദ്ധ ചിന്തകൾ പ്രകൃതിക്ക് ദോഷമേ ചെയ്യൂ. പരിസരം വൃത്തിയായി സൂക്ഷിക്കുക. ജനങ്ങളിൽ വൃത്തിയും ദൈവിക ചിന്തയും വളർത്തുക. ഇതൊക്കെയാണ് പരിഹാരം. അല്ലാതെ പന്നിയെ കൊല്ലലല്ല.

**അസീസ് ബിന്നെച്ച് ഫുജൈറ**

# ശമനൗഷധമായി ഖുർആൻ

**ഷാനവാസ്** കൊല്ലം എഴുതിയ ലേഖനം റമദാൻ നോമ്പിന്റെ ശ്രേഷ്ഠതകൾ വിശകലനം ചെയ്യുന്നു (ലക്കം 12). ശാരീരിക രോഗങ്ങൾക്ക് ഡോക്ടർമാരുണ്ട്. അതുകൊണ്ടാണ് വൈദ്യശാസ്ത്രത്തെക്കുറിച്ച് ഖുർആൻ അധികം പറയാതിരുന്നത്. എന്നാൽ ആത്മാവിന്റെ രോഗങ്ങൾക്ക് അപ്രകാരം ആശുപത്രിയോ ഡോക്ടർമാരോ ഇല്ല. ആത്മാവിന്റെ രോഗങ്ങൾ ആർക്കും കാണാൻ കഴിയില്ല. എല്ലാം സൂക്ഷ്മമായറിയുന്ന അല്ലാഹു അവക്ക് ചികിത്സ നിർദേശിച്ചു. അതുകൊണ്ടാണ്, ഖുർആൻ ശമനൗഷധമാണെന്ന് അല്ലാഹു അരുളിയത്. പ്രവാചകന്മാരെ വിദഗ്ധ ഡോക്ടർമാരായും നിയോഗിച്ചു. ഖുർആന്റെയും ഹദീസിന്റെയും രൂപത്തിൽ ചികിത്സാവിധികൾ ശാശ്വതമായി അവശേഷിപ്പിക്കുകയും ചെയ്തു.

തനിക്കോ മക്കൾക്കോ പനി വന്നാൽ ഉടനെ നാം ഡോക്ടർമാരുടെ അടുത്തേക്ക് ഓടും. എന്നാൽ ആത്മാവിന് രോഗം ബാധിച്ചാൽ ചികിത്സിക്കാൻ ആളുകൾക്ക് തിടുക്കമില്ല. അങ്ങനെയുള്ളവരാണ് പിശാചിന്റെ വലയിൽ പെട്ടുപോകുന്നത്. തിരുക്കുറൾ വചനം ശ്രദ്ധേയമാണ്: "തിനപോലെ ചെറുതായ കുറ്റം തന്നിൽ കണ്ടാലും അതിനെ പന പോലെ വലുതായി കരുതുന്നവരാണ് പാപഭയമുള്ളവർ." തഖ്‌വയുടെ ലക്ഷണമാണീ ഉത്കണ്ഠ. ദുഷ്ട മനസ്സാകട്ടെ, തെറ്റിൽനിന്ന് തെറ്റിലേക്ക് ഒഴുകുകയാണ് ചെയ്യുക.

ഏതു മനുഷ്യനെയും മാടി വിളിച്ചുകൊണ്ട് ഖുർആനും നബിവചനങ്ങളും ലോകത്തിനു മുമ്പിലുണ്ട്. 'ഹൃദയം ശാന്തമാകുന്നത് ദൈവസ്മരണയിലാണ്' എന്ന് ഖുർആൻ പ്രഖ്യാപിക്കുന്നു. ഏതെങ്കിലുമൊരു നിമിഷം കുറ്റവാളിയുടെ മനസ്സിലും സത്യത്തിന്റെ കൊള്ളിയാൻ മിന്നിയെന്നു വരാം. അത് സമൂലമായ പരിവർത്തനത്തിന് പ്രേരകമായെന്നും വരാം.

ഖുർആനും ഹദീസും പ്രചരിപ്പിക്കുന്ന പ്രബോധകൻ ചെയ്യുന്നത് ആത്മാവിന്റെ രോഗങ്ങൾക്ക് ചികിത്സ നിർദേശിക്കുന്ന മഹത്തായ കർമമാണ്. ഒരു ചെറിയ കർമത്തിലൂടെ വലിയ ദൗത്യമാണ് അവൻ നിർവഹിക്കുന്നത്. ഒരു പുഞ്ചിരി, ഒരു ലഘുലേഖ, ഒരു പുസ്തകം- അക്ഷരങ്ങൾ വെളിച്ചത്തിന്റെ വാതായനങ്ങൾ തുറന്നിടുന്ന വിസ്മയങ്ങൾ സംഭവിക്കുന്നത് അങ്ങനെയാണ്.

**കെ.പി ഇസ്മാഈൽ കണ്ണൂർ**

# പ്രബോധനത്തിനു പൊതുവേദി വേണം

**സംവാദങ്ങളെക്കുറിച്ച** എം.എം അക്ബറിന്റെയും ശൈഖ് മുഹമ്മദ് കാരകുന്നിന്റെയും ലേഖനങ്ങൾ പ്രസിദ്ധീകരിച്ച ലക്കം 11 ശ്രദ്ധേയമായി. 'നല്ല നിലക്ക് ഗുണകാംക്ഷയോടു കൂടിത്തന്നെ കാര്യങ്ങൾ തുറന്നു പറയുന്ന രീതിയാണ് വേണ്ടതെ'ന്നും 'ഇസ്‌ലാം മാത്രമാണ് സത്യമെന്ന് സ്ഥാപിച്ചുകൊണ്ട് സംസാരിക്കുകയാണ് മതസംവാദങ്ങളിൽ മുസ്‌ലിം ചെയ്യേണ്ടതെ'ന്നുമുള്ള അക്ബർ സാഹിബിന്റെ നിരീക്ഷണങ്ങൾ ഏറെ പ്രസക്തമാണ്. സത്യം തേടി സംവാദങ്ങളിലേക്ക് വരുന്ന ആളുകൾക്ക് അത് വളരെ ഫലപ്രദമാവും. എന്നാൽ 'ആദർശത്തെ സാമൂഹിക സേവനത്തിന്റെ വർണക്കടലാസിൽ പൊതിഞ്ഞ് അവതരിപ്പിക്കേണ്ടതില്ല' എന്ന അദ്ദേഹത്തിന്റെ കാഴ്ചപ്പാടിനോട് വിയോജിപ്പുണ്ട്. ആദർശത്തിന്റെ തന്നെ ഉജ്ജ്വലമായ ആവിഷ്കാരമാണ് സേവനവും പോരാട്ടവുമൊക്കെ (ഇവിടെ പ്രശ്നം തൗഹീദിന്റേതാണ്).

ശൈഖ് മുഹമ്മദ് കാരകുന്നിന്റെ നിരീക്ഷണങ്ങളെ അക്ബറിന്റെ കാഴ്ചപ്പാടുമായി സമന്വയിപ്പിക്കാവുന്നതേയുള്ളൂ. 'ഇസ്‌ലാമിക പ്രബോധനം മൂന്നോ നാലോ മണിക്കൂർ കൊണ്ട് ചെയ്തുതീർക്കാവുന്ന ഒരു കാര്യമല്ല. നിരന്തരം തുടരേണ്ട സുദീർഘമായ പ്രക്രിയയാണ്' എന്നതാണ് ശൈഖ് സമർപ്പിക്കുന്ന കാതൽ. ഒപ്പം 'പ്രബോധിതരെ പ്രകോപിപ്പിക്കാതിരിക്കാൻ പ്രബോധകൻ പരമാവധി ശ്രദ്ധയും സൂക്ഷ്മതയും പുലർത്തേണ്ടതാണ്' എന്ന ഉണർത്തലും സംഗതമാണ്.

എന്നാൽ ഇത്തരം കാര്യങ്ങൾ പരസ്പരം ഗുണകാംക്ഷയോടെ ചർച്ച ചെയ്യുന്ന ഒരു പൊതുവേദി അത്യാവശ്യമാണ്. അറിഞ്ഞേടത്തോളം എല്ലാ മുസ്‌ലിം സംഘടനകൾക്കും ദഅ്‌വാ ഗ്രൂപ്പുകളുണ്ട്. അവയുടെ നേതൃനിരയെ വിളിച്ചു ചേർക്കുന്നത് നന്നായിരിക്കും. ഡയലോഗ് സെന്റർ, നിച്ച് ഓഫ് ട്രൂത്ത് പ്രവർത്തകർതന്നെ ഇതിനു മുൻകൈയെടുക്കട്ടെ.

**ഹസനുൽ ബന്ന**
**കുഞ്ഞിമംഗലം**

# *പ്രബോധനം* കാമ്പയിൻ

## വളപട്ടണം ഹൽഖക്ക് ഒന്നാം സ്ഥാനം

2008-'09-ലെ *പ്രബോധനം* കാമ്പയിനിൽ കൂടുതൽ വരിക്കാരെ ചേർത്ത ജമാഅത്ത് ഘടകത്തിനുള്ള ഒന്നാം സമ്മാനത്തിന് കണ്ണൂർ ജില്ലയിലെ വളപട്ടണം ഹൽഖ അർഹമായി. എറണാകുളം ജില്ലയിലെ ചുള്ളിക്കൽ, വെളിയത്തുനാട് വെസ്റ്റ് എന്നീ ഹൽഖകൾക്കാണ് യഥാക്രമം രണ്ടും മൂന്നും സ്ഥാനങ്ങൾ.

**കൂടുതൽ വരിചേർത്ത് പ്രോത്സാഹന സമ്മാനത്തിനർഹമായ ഘടകങ്ങൾ മുൻഗണനാക്രമത്തിൽ**

1 ഇരുമ്പുഴി
2 മണ്ണാർക്കാട്
3 ഓച്ചിറ ഈസ്റ്റ്
4 കടവത്തൂർ
5 പാറപ്പുറം
6 ഞാറയിൽകോണം
7 തോപ്പുംപടി
8 ചെർപ്പുളശ്ശേരി ടൗൺ
9 മുണ്ടുമുഴി
10 പൂക്കയിൽ ബസാർ
11 തളിക്കുളം
12 വീണാലുക്കൽ-പറപ്പൂർ
13 മൊറയൂർ
14 ഡാണാപ്പടി
15 പടന്ന
16 താണ-കണ്ണൂർ
17 പൂക്കോട്ടൂർ
18 ചക്കരകല്ല്
19 എറണാകുളം ടൗൺ
20 പേരാമ്പ്ര ടൗൺ
21 പനയപ്പിള്ളി
22 ചേറ്റംകുന്ന്
23 പെരിങ്ങാടി
24 ശാന്തപുരം
25 പറവൂർ നോർത്ത്
26 മുതുവട്ടൂർ
27 കല്ലൂർ
28 കണ്ടംതറ
29 മഞ്ഞപ്പെട്ടി
30 പള്ളിക്കവല
31 കേച്ചേരി
32 വാലഞ്ചേരി-മൊറയൂർ
33 ഇരിമ്പിളിയം നോർത്ത്
34 വെളിയങ്കോട്
35 കവിയൂർ
36 ന്യൂ മാഹി
37 വർക്കല
38 കൊയിലാണ്ടി
39 ഊരത്ത്
40 ഒറ്റപ്പാലം ടൗൺ
41 വല്ലപ്പുഴ
42 സുൽത്താൻ ബത്തേരി

**സമ്മാനങ്ങൾ ഒക്ടോബർ 2-ന് എടയൂരിൽ നടക്കുന്ന അറുപതാം വാർഷികാഘോഷ ഉദ്ഘാടന സമ്മേളനത്തിൽ വിതരണം ചെയ്യുന്നതാണ്**

# പ്രതിപക്ഷ ബഹുമാനമില്ലാത്ത വിമർശകരോട്

**കെ.സി സലീമിന്റെ** 'നമ്മ എന്റെ മതം' എന്ന കുറിപ്പ് (ലക്കം 13) നിഷ്പക്ഷ വീക്ഷണക്കാരെ അലോസരപ്പെടുത്തിക്കൊണ്ടിരിക്കുന്ന പ്രശ്നങ്ങൾക്കുള്ള ഉചിതമായ പ്രതികരണമായി. പരാമർശിക്കപ്പെട്ട സംഘടനയുടെ പ്രസിദ്ധീകരണം ശിർക്കിനും അനാചാരങ്ങൾക്കും എതിരെ ശക്തമായി പ്രതികരിച്ചുകൊണ്ടിരിക്കുന്നത് നല്ലതുതന്നെ. എങ്കിലും അതിന് ഉപയോഗിക്കുന്ന ഭാഷയും എതിർ വിഭാഗത്തെ സംബോധന ചെയ്യുന്ന രീതിയും തികച്ചും പരിഹാസം കലർന്നതും സംസ്കാര ശൂന്യവുമാണ് എന്നു പറയാതിരിക്കാൻ വയ്യ. മലയാളമറിയുന്നവരെല്ലാം വായിക്കാനിടയുള്ളതാണെന്ന ബോധം പോലും അതിന്റെ പ്രസാധകർക്കില്ല. മുസ്‌ലിംകളല്ലാത്തവർ വായിക്കാനിടയായാൽ അവർക്ക് മുസ്‌ലിംകളെക്കുറിച്ചുള്ള മതിപ്പ് നഷ്ടപ്പെടുന്നരീതിയിലാണ് എഴുത്ത്. ഈ രീതി മാറ്റിയില്ലെങ്കിൽ പ്രതീക്ഷിക്കുന്ന ലക്ഷ്യം ഇതുകൊണ്ടുണ്ടാവില്ലെന്നതാവും സ്ഥിതി.

ഇതേ ലക്കം അബ്ദുല്ലത്വീഫ് കൊടുവള്ളിയുടെ 'ബഹുസ്വരതയും അല്ലാഹുവിന്റെ ഇഛയും' എന്ന സംവാദത്തിൽ ഇഫ്ത്വാറുകളെക്കുറിച്ച് പുനരാലോചിക്കേണ്ടതുണ്ടെന്ന അഭിപ്രായം അടിവരയിടേണ്ടതുണ്ട്. നിഷ്പക്ഷ ചിന്താഗതിക്കാരായ ധാരാളം വിശ്വാസികളെ ആശയക്കുഴപ്പത്തിലാക്കുന്ന പരിപാടികളിൽനിന്ന് അകന്ന് മാനുഷികവും സാമൂഹികവുമായ മേഖലകളിൽ ശ്രദ്ധയൂന്നുന്നതായിരിക്കും സംഘടനകൾക്കഭികാമ്യം.

**കുഞ്ഞബ്ദുല്ല കോറോത്ത് കരിയാട്**